Teaching Manual Std: V

പാഠം : ഇത്തിരിപ്പൂവേ കുരുന്നുപൂവേ
<മണ്ണിന്റെ കിനാവുകൾ>

പ്രതീക്ഷിതസമയം : 5 പീരിയഡ്

പഠനനേട്ടങ്ങൾ : കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നതിന് പ്രകൃതിയോടിണങ്ങി ആസ്വദിച്ച് ജീവിക്കാൻ പര്യാപ്തരാക്കുന്നു. ആശയം, പ്രയോഗഭംഗി എന്നിവ മനസിലാക്കി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നതിന്.

ആശയങ്ങൾ/ശേഷികൾ : പ്രകൃതിയോടിണങ്ങാനുള്ള ശേഷി, സർഗാത്മകത വളർത്തുന്നു.

ഭാഷാവസ്തുതകൾ : കവിത ഈണത്തിൽ ചൊല്ലുന്നു നൂതനപദങ്ങളുടെ ആശയം, പദച്ചേരുവ

വ്യവഹാരരൂപങ്ങൾ : ആസ്വാദനക്കുറിപ്പ്, ചുമർപത്രിക, കവിതകളുടെ ശേഖരണം,

മൂല്യങ്ങൾ, മനോഭാവങ്ങൾ : പരിസ്ഥിതി സ്നേഹം, സഹകരണമനോഭാവം, പരിസ്ഥിതിസംരക്ഷണം കവിതാസ്വാദനം

പഠനസാമഗ്രികൾ : പാഠപുസ്തകം, HB, ലൈബ്രറി ബുക്ക്, mob, bluetooth speaker, ICT, പൂക്കളുടെ ചിത്രങ്ങൾ, പേപ്പർ കട്ടിംഗ്സ്

പ്രതീക്ഷിത ഉത്പന്നങ്ങൾ : പൂക്കളുടെ ചിത്രങ്ങൾ, ലൈബ്രറിബുക്ക് ശേഖരണം ആസ്വാദനക്കുറിപ്പ്, ചുമർപത്രിക,

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| • മഴക്കാഴ്ചകൾ<br>• കുട്ടികൾക്ക് ഇഷ്ടപ്പെട്ട മഴക്കാഴ്ചകൾ എഴുതാനാവശ്യപ്പെടുന്നു.<br>• ഇലകൾ നനയുന്നു<br>• മഴവെള്ളം മണ്ണിലിറങ്ങുന്നു<br>• പക്ഷികൾ നനഞ്ഞ ചിറകോടെ മരക്കൊമ്പിലിരിക്കുന്നു. | കുട്ടികളുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.<br><br>കുട്ടികൾ എഴുതിയവ BB-ൽ ക്രോഡീകരിച്ച് നോട്ട്ബുക്കിൽ പകർത്തി |
| "മണ്ണേ നമ്പി ഏലേലയ്യ മരമിരിക്ക്" എന്ന പാട്ട് നാട് കേൾപ്പിക്കുന്നു. മഴപ്പാട്ടുകൾ പാടാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | മണ്ണേ നമ്പി audio കേൾപ്പിച്ചു. |
| പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും മണ്ണിനെ ആശ്രയിച്ചാണ് കഴിയുന്നത്. മണ്ണ് എന്തെല്ലാം സ്വപ്നങ്ങൾ കാണുന്നുണ്ടാവും ?<br>ചർച്ച<br>അവതരണം<br>↓<br>വിലയിരുത്തൽ<br>↓<br>മെച്ചപ്പെടുത്തൽ | |
| തുടർപ്രവർത്തനം<br>മഴപ്പാട്ട് ശേഖരിക്കുക | |

| പ്രവർത്തനം | വിലയിരുത്തൽ |
| --- | --- |
| മഴപ്പാട്ടുകളുടെ അവതരണത്തിലൂടെ കവിതയിലേക്ക് പ്രവേശിക്കുന്നു. | ശ്രദ്ധ, റിയ ബാർബിൻ, ഷിഫ, സിനിയോ, ശാലോം, ജുവൽ, ക്രിസ്, ജ്യോതി, ജെഫിൻ, ഹാർട്ട്, ജസ്റ്റിൻ, ഷെറി, റിയ ജോസ്, ആഷ്‌വിൻ, ദിയ റെമി, ആൻവിൻ വായിച്ചു. |
| മണ്ണിന്റെ കിനാവുകൾ എന്ന കവിത വ്യക്തിഗത വായന | |
| അധ്യാപികയുടെ വായന ഒന്നോ രണ്ടോ പേരുടെ അവതരണം. ഗ്രൂപ്പിൽ ഈണം കണ്ടെത്തൽ കണ്ടെത്തിയ ഈണത്തിൽ കുട്ടികൾ കവിത ആലപിക്കുന്നു. Audio കേൾപ്പിക്കുന്നു. | അധ്യാപികയുടെ വായനക്ക് ശേഷം audio കേൾപ്പിച്ചു. കുട്ടികൾ സന്തോഷം കേട്ടിരുന്നു. |
| **പൂക്കളെ പരിചയപ്പെടാം** | |
| കവിതയിൽ പരാമർശിക്കുന്ന പൂക്കൾ ഏതെല്ലാം എന്ന് പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | കവിതയിൽ 8 പൂക്കളെ കുറിച്ചാണ് പരാമർശിക്കുന്നത്. കുട്ടികൾ അത് നോട്ട്ബുക്കിൽ എഴുതി. |

| പ്രവർത്തനം | വിലയിരുത്തൽ |
| --- | --- |
| അധ്യാപിക ഈ പൂക്കൾ ശേഖരിച്ചു വരുന്നു. (പൂക്കളുടെ ചിത്രം കാണിച്ചു കൊടുക്കുന്നു) കുട്ടികൾ പേരുകൾ പറയുമ്പോൾ അവ പരിചയപ്പെടുത്തുന്നു. | കുട്ടികൾ തന്നെ പൂക്കൾ കൊണ്ടു വരികയും അത് തിരിച്ചറിയുകയും നോട്ട് ബുക്കിൽ കുറിക്കുകയും ചെയ്തു. |
| സ്കൂൾ ഉദ്യാനം പരിചയപ്പെടുത്തുന്നു. ആ പൂക്കളുടെ പേരുകൾ ലിസ്റ്റ് ചെയ്യുന്നു. | |
| **തുടർപ്രവർത്തനം:** വർണ്ണക്കടലാസ് കൊണ്ട് പൂക്കൾ ഉണ്ടാക്കാനുള്ള പ്രവർത്തനവും നൽകുന്നു. | ഒന്ന് രണ്ട് കുട്ടികൾ ഒഴികെ എല്ലാകുട്ടികളും പേപ്പർപൂവ് ഉണ്ടാക്കി |
| പെൻസിലും, ക്രയോൺസും ഉപയോഗിച്ച് നോട്ട് ബുക്കിൽ ഈ പൂക്കളുടെ ചിത്രം വരച്ച് നിറം കൊടുക്കുന്നു. | കുട്ടികൾ നോട്ട്ബുക്കിൽ പൂക്കളുടെ ചിത്രം വരച്ച് നിറം കൊടുത്തു. സിനിയോ ക്രിസ്റ്റലിന്റെ ചിത്രം ഏറ്റവും മനോഹരമായിരുന്നു. Tr. Creyons സമ്മാനമായി നൽകി. |

## പ്രവർത്തനം

### നമുക്കും പൂക്കളാകാം


കവിതയിൽ പറയുന്ന പൂക്കളുടെ പേരിൽ കുട്ടികളെ ഗ്രൂപ്പാക്കുന്നു. അവർക്ക് ലഭിച്ച പൂക്കളെക്കുറിച്ചുള്ള വരികൾ പറയുന്നു. അതിന്റെ സവിശേഷതകൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.

പൂക്കളെക്കുറിച്ചുള്ള സിനിമാഗാനങ്ങളും ചെറുകവിതകളും അവർ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. അത് പതിപ്പാക്കുന്നു.

ഗ്രൂപ്പ് അവതരണത്തിന്റെ മികവുകൾ സൂചകങ്ങളുടെ സഹായത്തോടെ വിലയിരുത്തുന്നു.

### തുടർപ്രവർത്തനം

പദസൂര്യൻ




## വിലയിരുത്തൽ

കുട്ടികളുടെ ഗ്രൂപ്പ് അവർക്ക് കിട്ടിയ പൂവിന്റെ സവിശേഷതകൾ നോട്ട്ബുക്കിൽ കുറിക്കുകയും ഗ്രൂപ്പുകൾ തമ്മിൽ കൈമാറി എഴുതുകയും ചെയ്യുന്നു.

ഹരിവരാജ് ഗോകുൽ എന്ന തമിഴ്പാട്ട് പാടി. മെമി ത്രൂ[illegible]ത്തിൽ ന[illegible]യെടുത്ത് എന്ന പാട്ട് പാടി. റോസാപ്പൂവേ -റെ[illegible] പാടി

| പ്രവർത്തനം | വിലയിരുത്തൽ |
| --- | --- |
| പൂക്കളും നമ്മളും<br><br>"നീലവാനം മിഴികളിലുള്ളവർ<br>നീർക്കണങ്ങളാൽ മാല ചാർത്തുന്നവർ<br>ഏതു ചൂടിലും വാടാതെ നിൽപ്പവർ<br>ഏതിരുട്ടിലും മന്ദഹസിപ്പവർ"<br>എന്നീ വരികൾ കുട്ടികൾ നോട്ട് ബുക്കിൽ കുറിക്കുന്നു. | കുട്ടികളുടെ ഉപമകൾ പൂക്കളുടെ സവിശേഷതകൾ എഴുതി. റജില, ഷിബില ഷർമി, ജൈസമില എന്നിവർ മികവ് പുലർത്തി. |
| പൊതു ചർച്ച<br>* ഭൂമിയുടെ മക്കളായി പിറക്കുന്ന പൂക്കൾ<br>* നീലവാനം മിഴികളിലുള്ളവർ<br>[നീലാകാശത്തിന്റെ ഭംഗി വിശാലത എന്നിവ ചർച്ച ചെയ്യുന്നു.]<br>* നീർക്കണങ്ങളാൽ മാല ചാർത്തുന്നവർ<br>[മഞ്ഞുതുള്ളികൾ വീണ പൂക്കൾ, കണ്ണീർ തൂകി വരുന്ന കുട്ടി]<br>തുടങ്ങി പൂവിന്റെ ഭംഗി അവതരിപ്പിക്കുന്നതിനും മറ്റു പലതിനെയും പൂക്കളിലൂടെ പറയുന്നതുമായ ചർച്ച. | കുട്ടികളുടെ സജീവ പങ്കാളിത്തം ചർച്ചയിലുടനീളം ഉണ്ടായിരുന്നു. |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| | |

## വ്യക്തിഗതരചന
↓
## അവതരണം
↓
## വിലയിരുത്തൽ

സൂചകങ്ങൾ

* ആശയങ്ങളെ ഒതുക്കിപ്പറയൽ
* ലളിത വാക്യങ്ങൾ
* ഒടുക്കം.

## ആസ്വാദനക്കുറിപ്പ്

പാത്രങ്ങളെ പരിചയപ്പെടുത്തും പാത്രങ്ങളാകുകയും ഒക്കെ ചെയ്ത പ്രവർത്തനത്തിലൂടെ മനോപടം തയ്യാറാക്കുന്നു.

വ്യക്തിരചന
↓
ഗ്രൂപ്പിൽ അവതരണം
↓
ഒന്നാം പേരുടെ ക്ലാസ് അവതരണം
↓
സൂചകങ്ങൾ രൂപപ്പെടുത്തൽ
↓
മെച്ചപ്പെടുത്തിയെഴുതൽ

**വിലയിരുത്തൽ**

കുട്ടികളെ 5 ഗ്രൂപ്പായി തിരിച്ചു. കുട്ടികളുടെ ഗ്രൂപ്പിൽ അവതരിപ്പിച്ചു.

മികച്ചത് വ്യക്തിഗതമായി അവതരിപ്പിച്ചു.

മെച്ചപ്പെടുത്തി എഴുതുകയും മികച്ച എഴുത്തുകാരെ അഭിനന്ദിക്കുകയും ചെയ്തു.

അവർ ഒരുപാട് മികച്ചതായിരുന്നു.

## പ്രവർത്തനം

↓

ടീച്ചർ വേർഷൻ

↓

ആസ്വാദനക്കുറിപ്പ്

**സൂചകങ്ങൾ ആസ്വാദനക്കുറിപ്പ്**

* ആകർഷകമായ തലക്കെട്ട്
* ഭൂമി പാടുന്ന ശീലുകൾ എന്ന കൃതിയെക്കുറിച്ചുള്ള സൂചകങ്ങൾ
* ആകർഷകമായ ഭാഷ.
* സവിശേഷത പദങ്ങൾ, പദപ്രയോഗങ്ങൾ
* ഇഷ്ടപ്പെട്ട ഭാഗം, ഇഷ്ടപ്പെടാനുള്ള കാരണം.
* തുടക്കം, ബന്ധികാകരണം, ഒടുക്കം

**ചുമർപത്രിക**

കവിതയിൽ നിന്ന് മനസ്സിലാക്കിയ കാര്യങ്ങളും ശേഖരിച്ച വിവരങ്ങളും ഉൾപ്പെടുത്തി ഓരോ ഗ്രൂപ്പും ലഭിച്ച പട്ടുവിന്റെ ചുമർപത്രിക തയ്യാറാക്കുന്നു.

## വിലയിരുത്തൽ

അധ്യാപികയുടെ വേർഷൻ ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ചു. Notebook-ൽ കുട്ടികൾ കുറിക്കുകയും ചെയ്തു.

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| ആശയാവതരണം, ചിത്രം വരയ്ക്കൽ, നിറം നൽകൽ, ഉചിത വിന്യാസം | |
| **ജീവചരിത്രക്കുറിപ്പ്.** | |
| വി. മധുസൂദനന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളുടെ പദസൂര്യൻ നിർമ്മിച്ച് ജീവചരിത്രക്കുറിപ്പിലേക്ക് കടക്കുന്നു. | പദസൂര്യനിലെ വാക്യങ്ങൾ ഉപയോഗിച്ച് ജീവചരിത്രക്കുറിപ്പ് കുട്ടികൾ തയ്യാറാക്കി. |

**വി. മധുസൂദനൻ**

അധ്യാപകൻ
കവി

**കവിതകൾ**
പ്രപഞ്ചവും കാലവും
അതിനുമപ്പുറമെന്താണ്
ഞാനിവിടെയുണ്ട്
ഭൂമിപാടുന്ന ശീലുകൾ
മുക്കിലിപ്പുവിന്റെ ആകാശം

**പുരസ്കാരങ്ങൾ**
സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരം
അബുദാബി ശക്തി അവാർഡ്

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, ഗ്രന്ഥശാലാസംഘം, പുരോഗമന കലാസാഹിത്യ സംഘം എന്നിവയുടെ സജീവ പ്രവർത്തകൻ

**മരണം**
ഒക്ടോബർ 8 2018

## പുതിയ പദങ്ങൾ - പകരപദം

പൊൻവെയിൽ - സ്വർണ്ണനിറമുള്ള വെയിൽ
നിലാവ് - ചന്ദ്രന്റെ പ്രകാശം
നുകരുക - കുടിക്കുക/ഉൾക്കൊള്ളുക
ലാളിക്കുക - ഓമനിക്കുക
ചന്തം - ഭംഗി

വേലി - അതിർത്തി
ചേരുക - പരത്തുക
പനിനീർമലർ - റോസാപ്പൂ
പെരുക - പ്രസരിക്കുക/വിരിയുക
രാജമകുടം - രാജാവിന്റെ കിരീടം
ചെന്താരുകൾ - ചുവന്ന പൂക്കൾ (കൃഷ്ണ കിരീടം)

ചേല - അഴക്
ഭൂമിതൻ - ഭൂമിയുടെ
പിറക്കുക - ജനിക്കുക
നിത്യവും - എല്ലാ ദിവസവും
നീലവാനം - നീലാകാശം
മിഴി - കണ്ണ്
നീർക്കണം - ജലകണം/മഞ്ഞുതുള്ളി/മഴത്തുള്ളി

മന്ദഹാസം - പുഞ്ചിരി
ഓമൽക്കിനാവുകൾ - പ്രിയപ്പെട്ട സ്വപ്നങ്ങൾ

## Teachers Version
## ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

പ്രശസ്ത ബാലസാഹിത്യകാരൻ ശ്രീ. പി. മധുസൂദനൻ എഴുതിയ 'ഭൂമി പാടുന്ന ശീലുകൾ' എന്ന കൃതിയിലെ കവിതാഭാഗമാണ് 'മണ്ണിന്റെ കിനാവുകൾ' എന്ന കവിതാശീർഷകത്തിലൂടെ തന്നെ ഭൂമിയുടെ പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് കവിതയിൽ ഉൾപ്പെട്ടിരിക്കുന്നത് എന്ന സൂചന കവി നമുക്ക് നൽകുന്നു. പൂക്കൾക്ക് ചുറ്റുമുള്ള വെയിലും, നിലാവും, സന്ധ്യയും അവയ്ക്ക് പകർന്നു നൽകുന്ന സൗന്ദര്യത്തെക്കുറിച്ചാണ് കവിതയുടെ ആദ്യഭാഗങ്ങളിൽ കവി വർണ്ണിച്ചിരിക്കുന്നത്. മുക്കുറ്റിയും, തുമ്പയും ജമന്തിയുമെല്ലാം ഇങ്ങനെ ചുറ്റുപാടുകളോട് ചേരുമ്പോൾ കൂടുതൽ സൗന്ദര്യം നേടുന്നു-വെന്നു മാത്രമല്ല, കുങ്കുമപ്പൊട്ടായി ഭൂമിയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്ന വാടാമലരുകളെയും കാറ്റിന് സുഗന്ധം സമ്മാനിക്കുന്ന പനിനീർ പൂക്കളെയും കവി പ്രത്യേകം എടുത്തു പറയുന്നുണ്ട്. ഭൂമിയുടെ മക്കളായി നിത്യവും പിറക്കുന്ന പൂക്കൾ ഇരുട്ടിൽ ചിരിച്ചും, ചൂടിൽ വാടാതെ കരുത്ത്

കാട്ടിയും പ്രതിസന്ധികളെ അതിജീവിക്കാനുള്ള മാതൃക കാണിച്ചു തരുന്നു. പൂക്കളും, ഭൂമിയും, പ്രകൃതിയുമെല്ലാമാണ് ഈ കവിതയിലെ കഥാപാത്രങ്ങൾ.